**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3044** **25-06-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ വാട്ടർ അതോറിറ്റിയിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് വിഭാഗത്തിൽ അനുവദനീയമായ എത്ര തസ്തികകളാണ് ഉള്ളതെന്നും പ്രസ്തുത ജില്ലയിൽ ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്ന തസ്തികയാണുള്ളത്. കേരള വാട്ടർ അതോറിറ്റി കൊല്ലം ജില്ലയിൽ LD/UD ക്ലാർക്ക് വിഭാഗത്തിൽ അനുവദനീയമായ തസ്തിക 88 എണ്ണമാണ്. ഇതിൽ 4 ഒഴിവുകൾ നിലവിലുണ്ട്. ടൈപ്പിസ്റ്റ് വിഭാഗത്തിൽ അനുവദനീയമായ തസ്തിക 17 എണ്ണമാണ്. ഇതിൽ നിലവിൽ ഒഴിവുകളില്ല. സൂപ്പർന്യൂമററിയിൽപ്പെട്ട ഒരാൾ ഉൾപ്പെടെ 18 പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റിയിൽ സംസ്ഥാനാടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിവരുന്നത്. |
| (ബി) | പ്രസ്തുത തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ